# Dakshina Kerala Jam-iyyathul Ulama

H.O. Kollam

ജുമുഅ പ്രഭാഷണം "ഖുർആൻ പരിചയപ്പെടുത്തുന്ന ഈസാ(അ)" (14/04/17)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

➢ ഖുർആൻ അല്ലാഹുവിന്റെ കലാമാണ്. ആയത്തുകൾ മാത്രമല്ല, സൂറത്തുകളുടെ ക്രമം/പേര് എല്ലാം ഇലാഹിയാണ്. വഹ്‌യിന്റെ അടിസ്ഥാനത്തിലാണ്.

وَإِنَّهُ لَتَنزِيلُ رَبِّ الْعَالَمِينَ * نَزَلَ بِهِ الرُّوحُ الأَمِينُ ﴿الشعراء:١٩٢/١٩٣﴾

➢ ഇലാഹീഗ്രന്ഥം എന്ന നിലയ്ക്ക് ആരോടും സംവദിക്കാൻ തന്റേടം പ്രകടിപ്പിച്ച ഗ്രന്ഥമാണ് ഖുർആൻ.

وَإِن كُنتُمْ فِي رَيْبٍ مِّمَّا نَزَّلْنَا عَلَىٰ عَبْدِنَا فَأْتُوا بِسُورَةٍ مِّن مِّثْلِهِ وَادْعُوا شُهَدَاءَكُم مِّن دُونِ اللَّهِ إِن كُنتُمْ صَادِقِينَ ﴿البقرة:٢٣﴾

➢ മുബാഹലയുടെ ചരിത്രം ഇതിന്റെ മികച്ച ഉദാഹരണമാണ്. ഈസാ (അ) യെക്കുറിച്ച് സംവദിക്കാൻ നജ്റാനിലെ 60 ക്രൈസ്തവ പുരോഹിതന്മാർ മദീനയിൽ വന്നു. നബി(സ) അവരെ നന്നായി സ്വീകരിച്ചു. അവർക്ക് ആരാധനാ സൗകര്യം പോലും അനുവദിച്ചു.

عن مُحَمَّدُ بْنُ جَعْفَرِ بْنِ الزُّبَيْرِ : قَدِمُوا عَلَى رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ الْمَدِينَةَ فَدَخَلُوا عَلَيْهِ فِي مَسْجِدِهِ حِينَ صَلَّى الْعَصْرَ ، ....... وَقَدْ حَانَتْ صَلَاتُهُمْ فَقَامُوا يُصَلُّونَ فِي مَسْجِدِ رَسُولِ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ: دَعُوهُمْ ، فَصَلَّوْا إِلَى الْمَشْرِقِ (تفسير الطبري)

ഇങ്ങനെ മനുഷ്യത്വപരമായി സമീപിച്ചു. എന്നാൽ ആദർശപരമായി വിട്ടുവീഴ്ച ചെയ്തില്ല. ഈസാ (അ) ദൈവമോ പുത്രനോ അല്ലെന്ന് സമർത്ഥിച്ചു. സത്യം തെളിയിക്കാൻ മുബാഹലക്ക് ക്ഷണിച്ചു.

فَمَنْ حَاجَّكَ فِيهِ مِن بَعْدِ مَا جَاءَكَ مِنَ الْعِلْمِ فَقُلْ تَعَالَوْا نَدْعُ أَبْنَاءَنَا وَأَبْنَاءَكُمْ وَنِسَاءَنَا وَنِسَاءَكُمْ وَأَنفُسَنَا وَأَنفُسَكُمْ ثُمَّ نَبْتَهِلْ فَنَجْعَل لَّعْنَتَ اللَّهِ عَلَى الْكَاذِبِينَ﴿ال عمران:٦١﴾

പക്ഷേ പുരോഹിതന്മാർ തയ്യാറായില്ല. നേതൃത്വത്തോട് ആലോചിച്ച് വരാം എന്നു പറഞ്ഞു.

فَقَالُوا : يَا أَبَا الْقَاسِمِ،دَعْنَا نَنْظُرْ فِي أَمْرِنَا،ثُمَّ نَأْتِيكَ بِمَا نُرِيدُ أَنْ نَفْعَلَ فِيمَا دَعَوْتَنَا إِلَيْهِ،فَانْصَرَفُوا عَنْهُ

ആഖിബ് എന്നയാളോടു ആലോചിച്ചു അദ്ദേഹം അവരെ പിന്തിരിപ്പിച്ചു.

ثُمَّ خَلَوْا بِالْعَاقِبِ ، وَكَانَ ذَا رَأْيِهِمْ ، فَقَالُوا : يَا عَبْدَ الْمَسِيحِ ، مَاذَا تَرَى ؟ فَقَالَ : وَاللَّهِ يَا مَعْشَرَ النَّصَارَى لَقَدْ عَرَفْتُمْ أَنَّ مُحَمَّدًا لَنَبِيٌّ مُرْسَلٌ

തുടർന്ന് നബി(സ) യോട് സംവദിക്കാൻ തയ്യാറാകാതെ മുബാഹലയിൽ നിന്ന് ഒഴിഞ്ഞ് പോയി.

فَأَتَوُا النَّبِيَّ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَقَالُوا : يَا أَبَا الْقَاسِمِ ، قَدْ رَأَيْنَا أَلَّا نُلَاعِنَكَ ، وَنَتْرُكَكَ عَلَى دِينِكَ وَنَرْجِعَ عَلَى دِينِنَا (ابن كثير)

പിന്നീടൊരിക്കലും അവർ വന്നിട്ടില്ല.

➤ ഈസാ(അ)യുടെ ക്രൂശീകരണത്തെയും ഖുർആൻ നിരാകരിക്കുകയാണ് ചെയ്തിരിക്കുന്നത്. അത് ഖുർആൻ, ഹദിസ് വിരുദ്ധമാണ്.

وَقَوْلِهِمْ إِنَّا قَتَلْنَا الْمَسِيحَ عِيسَى ابْنَ مَرْيَمَ رَسُولَ اللهِ وَمَا قَتَلُوهُ وَمَا صَلَبُوهُ وَلَٰكِن شُبِّهَ لَهُمْ ۚ وَإِنَّ الَّذِينَ اخْتَلَفُوا فِيهِ لَفِي شَكٍّ مِّنْهُ ۚ مَا لَهُم بِهِ مِنْ عِلْمٍ إِلَّا اتِّبَاعَ الظَّنِّ ۚ وَمَا قَتَلُوهُ يَقِينًا * بَل رَّفَعَهُ اللهُ إِلَيْهِ ۚ وَكَانَ اللهُ عَزِيزًا حَكِيمًا *﴿النساء:١٥٧﴾

ഇവിടെ 4 ആശയങ്ങളാണ് അല്ലാഹു വ്യക്തമാക്കുന്നത്.

1. ഉറപ്പായും ക്രൂശീകരണം നടന്നിട്ടില്ല. (وَمَا قَتَلُوهُ يَقِينًا)

2. മറ്റൊരാളാണ് ക്രൂശിക്കപ്പെട്ടത്. (وَلَٰكِن شُبِّهَ لَهُمْ) 3. അനുമാനങ്ങളല്ലാതെ ക്രൂശീകരണത്തിന് ഉറച്ച, കൃത്യമായ അറിവുകളില്ല. مَا لَهُم بِهِ مِنْ عِلْمٍ إِلَّا اتِّبَاعَ الظَّنِّ ۚ

4. ഈസാ(അ) യെ ഉയർത്തപ്പെടുകയാണുണ്ടായത്. بَل رَّفَعَهُ اللهُ إِلَيْهِ ۚ

➤ യഥാർത്ഥത്തിൽ ഇവിടെ എന്താണ് സംഭവിച്ചത്?

أَخْرَجَ ابْنُ جَرِيرٍ ، وَابْنُ أَبِي حَاتِمٍ ،عَنِ ابْنِ عَبَّاسٍ قَالَ : لَمَّا أَرَادَ اللَّهُ أَنْ يَرْفَعَ عِيسَى إِلَى السَّمَاءِ خَرَجَ إِلَى أَصْحَابِهِ ..... ثُمَّ قَالَ : أَيُّكُمْ يُلْقَى عَلَيْهِ شَبَهِي فَيُقْتَلُ مَكَانِي وَيَكُونُ مَعِي فِي دَرَجَتِي ؟ فَقَامَ شَابٌّ مِنْ أَحْدَثِهِمْ سِنًّا فَقَالَ لَهُ : اجْلِسْ ، ثُمَّ أَعَادَ عَلَيْهِمْ ، فَقَامَ الشَّابُّ فَقَالَ : اجْلِسْ ، ثُمَّ أَعَادَ عَلَيْهِمْ ، فَقَامَ الشَّابُّ فَقَالَ : أَنَا ، فَقَالَ : أَنْتَ ذَاكَ فَأُلْقِيَ عَلَيْهِ شَبَهُ عِيسَى ، وَرُفِعَ عِيسَى مِنْ رَوْزَنَةٍ فِي الْبَيْتِ إِلَى السَّمَاءِ (ابن كثير)

ഇതെല്ലാം പ്രവാചകന്മാരുടെ മുഅ്ജിസത്താണ്. ഹിജ്റാവേളയിൽ തന്റെ വിരിപ്പിൽ അലിയ്യ്(റ) കിടന്നതും നബി(സ)അവർക്കിടയിലൂടെ കടന്നുപോയതും ചരിത്രം. ഇതാണ് ഈസാ(അ)യുടെ വിഷയത്തിലും സംഭവിച്ചത്. ബർണബാസ് സുവിശേഷത്തിൽ ശിഷ്യനായ ബർണബാസ് ഈസാ(അ) രക്ഷപ്പെട്ടുവെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധ മാലാഖമാർ യേശുവിന്റെ അരികിൽ വന്നിട്ട് യേശുവിനെ തെക്കുവശത്തുള്ള ജനലിൽക്കൂടി പുറത്തു കടത്തി. എന്നിട്ട് അദ്ദേഹത്തെ വഹിച്ചുകൊണ്ടുപോയി (പേ. 384) അധ്യായം 215)

➤ ആകയാൽ ക്രൂശീകരണ വിശ്വാസം നമുക്ക് പാടില്ല. ഈസാ(അ) രക്ഷപ്പെട്ട ദിവസം ഏതെന്ന് ഇസ്ലാം വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഏതെങ്കിലും ഒരു പ്രത്യേക ദിവസത്തെ അങ്ങനെ മനസ്സിലാക്കാവതല്ല.

➤ തന്റെ ദൗത്യം പൂർത്തിയാക്കാത്ത ഈസാ ഖിയാമത്തിന് മുമ്പ് മടങ്ങിവന്ന് ദൗത്യം പൂർത്തിയാക്കുമെന്ന് ദീൻ പഠിപ്പിക്കുന്നു.

أَنَّ رَسُولَ اللهِ (ص) قَالَ وَالَّذِي نَفْسِي بِيَدِهِ لَيُوشِكَنَّ أَنْ يَنْزِلَ فِيكُمْ ابْنُ مَرْيَمَ حَكَمًا مُقْسِطًا (ترمذي)

എവിടെയാണ് ഇറക്കുന്നതെന്നും നബി(സ) പഠിപ്പിച്ചു.

فَيَنْزِلُ عِنْدَ الْمَنَارَةِ الْبَيْضَاءِ شَرْقِيَّ دِمَشْقَ بَيْنَ مَهْرُودَتَيْنِ (مسلم)

എവിടെ അടക്കപ്പെടുമെന്നുപോലും വ്യക്തമാക്കി.

يُدْفَنُ عِيسَى ابْنُ مَرْيَمَ مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، وَأَبِي بَكْرٍ وَعُمَرَ ، فَيَكُونُ قَبْرُهُ رَابِعًا(الطبراني)

ഇക്കാര്യം കൃത്യമായി ഇസ്‌ലാം പഠിപ്പിക്കുന്നു. ആ ആദർശത്തെ മുറുകെ പിടിക്കുക. അതാണ് പരലോക രക്ഷയുടെ വഴി.